സംരക്ഷണച്ചിലവ് യൂറോപ്യൻ രാഷ്ട്രങ്ങൾതന്നെ വഹിക്കണമെന്ന വാദഗതി അമേരിക്കയിൽ ശക്തിയാർജിച്ചുവരികയാണ്. നാറ്റോ സൈനികസഖ്യത്തിലുള്ള അമേരിക്കൻ പങ്കാളിത്തം കുറയുന്നപക്ഷം അതു് യൂറോപ്പിന്റെ നിസ്സൈനികീകരണത്തെയും നിരായുധീകരണത്തെയും ത്വരിപ്പിക്കാതിരിക്കുകയില്ല.

ആയുധപ്പന്തയത്തിനും നിരന്തര സൈനികസജ്ജീകരണത്തിനും എതിരായ മനോഭാവം യൂറോപ്പിലെ ജനങ്ങൾക്കിടയിൽ വളർന്നുവരികയാണ്.

സോവിയറ്റ് യൂനിയനിൽ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ തലങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന ജനാധിപത്യപരങ്ങളായ മാറ്റങ്ങൾ ലോകത്തിലെങ്ങും ചർച്ചാവിഷയമായിട്ടുണ്ട്. സോവിയറ്റ് യൂനിയനിൽ ജനാധിപത്യം ശക്തിപ്പെടുന്ന തോതിൽ നാറ്റോ–വാർസാ സഖ്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ അപ്രത്യക്ഷമാവാതെ തരമില്ല.

'യൂറോപ്പിനെ യുദ്ധമുക്തമാക്കാമോ?' എന്ന ചോദ്യത്തിന്റെ ഉത്തരം ഇപ്പോൾ നിങ്ങളുടെ മനസ്സിൽ രൂപപ്പെട്ടിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. 'സാധിക്കും; പക്ഷേ, വളരെക്കാലത്തെ ക്ഷമാപൂർവമായ പരിശ്രമം അതിന് ആവശ്യമാണ്' എന്നതാണോ ആ ഉത്തരം? എങ്കിൽ എന്റെ മനസ്സിലും അതേ ഉത്തരമാണുള്ളതു് എന്നു പറയാൻ എനിക്കു സന്തോഷമുണ്ട്.

3 ഏപ്രിൽ, 1989

# 34. ഫ്രഞ്ച് വിപ്ലവം

ഇരുനൂറു വർഷം മുമ്പ് 1789 ജൂലൈ 14–ാം തീയതി പാരീസ് പട്ടണത്തിലെ ജനക്കൂട്ടം അവിടത്തെ പഴയ ജയിൽ ആയിരുന്ന ബാസ്റ്റീൽകോട്ട ആക്രമിച്ചു പിടിച്ചടക്കുകയും അതിലുണ്ടായിരുന്ന തടവുകാരെ വിട്ടയയ്ക്കുകയും ചെയ്തതോടെ ഫ്രഞ്ച് വിപ്ളവം ആരംഭിച്ചുവെന്നാണു കണക്കാക്കപ്പെടുന്നതു്.

ജവാഹർലാൽ നെഹ്റു എഴുതി:

'ചരിത്രത്തിലെ ഒരു മഹാസംഭവമായിരുന്നു ബസ്റ്റീലിന്റെ പതനം. അതു് വിപ്ളവം തുടങ്ങിവെച്ചു. രാജ്യത്തിലെങ്ങും ജനങ്ങൾ ഉണർന്നെഴുന്നേൽക്കുന്നതിന്റെ നാന്ദിയായിരുന്നു അതു്. ഫ്യൂഡലിസവും രാജവാഴ്ചയും പ്രഭുക്കളുടെയും പള്ളി അധികൃതരുടെയും പ്രത്യേക അവകാശങ്ങളും അടങ്ങിയ ഫ്രാൻസിലെ പഴയ സമൂഹക്രമത്തിന്റെ അവസാനത്തെ അതു കുറിച്ചു. യൂറോപ്പിലെ എല്ലാ ചക്രവർത്തികാർക്കും രാജാക്കന്മാർക്കും അതു് ഭയജനകമായ ഒരു ദുശ്ശകുനമായിരുന്നു. രാജകീയാഡംബരത്തിന് മാതൃക സമർപ്പിച്ചിരുന്ന ഫ്രാൻസ് അന്നു സമർപ്പിച്ചതു് ഒരു പുതിയ മാതൃകയായിരുന്നു. ആ മാതൃകയുടെ മുമ്പിൽ യൂറോപ്പ് അമ്പരന്നുനിന്നു. ചിലർ ആ സംഭവത്തെ പേടിച്ചു വിറച്ചു നോക്കിക്കണ്ടു. പക്ഷേ, പലർക്കും അതു് ആശയുടെയും നല്ല നാളയുടെയും വാഗ്ദാനമായിരുന്നു.'

ബസ്റ്റീലിന്റെ പതനത്തോടെ 1789 ജൂലൈ 14–ാം തീയതി ആരംഭിച്ച ഫ്രഞ്ച് വിപ്ളവം, വിപ്ളവനേതാക്കളിൽ പ്രമുഖനായ റോബേപിയർ വധിക്കപ്പെട്ടതോടെ 1794 ജൂലൈ 28–ാം തീയതി അവസാനിച്ചതായിട്ടാണ് കണക്കാക്കപ്പെടുന്നതു്. ഭരണാധികാരികളുടെ ദീർഘവീക്ഷണശൂന്യമായ സ്വേച്ഛാധിപത്യപ്രവണതയുടെയും ബഹുജനങ്ങളുടെ പ്രതിവിധിയില്ലാത്ത ദീർഘകാല ദുരിതങ്ങളുടെയും ഫലമായി മെല്ലെയെങ്കിലും നിർദാക്ഷിണ്യമായി ചരിത്രത്തിൽ അതതു കാലത്തു രൂപംകൊള്ളുന്ന സാമൂഹിക ഭൂകമ്പങ്ങളിലൊന്നായി ഫ്രഞ്ച് വിപ്ളവം വിലയിരുത്തപ്പെട്ടിട്ടുണ്ട്. പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഇംഗ്ലണ്ടിൽ ആരംഭിച്ച വ്യവസായ വിപ്ളവത്തോടും 1776–ലെ

സ്വാതന്ത്ര്യപ്രഖ്യാപനത്തിലൂടെ മറനീക്കി രംഗത്തു വന്ന അമേരിക്കൻ വിപ്ലവത്തോടുമൊപ്പം ആധുനിക–മുതലാളിത്ത–ജനാധിപത്യ വ്യവസ്ഥിതിക്ക് രൂപം നൽകുന്നതിൽ ഗണ്യമായ പങ്ക് ഫ്രഞ്ച്‌വിപ്ലവവും വഹിച്ചിട്ടുണ്ട്. മററു രണ്ടു വിപ്ലവങ്ങളെക്കാളേറെ ചിന്തയുടെ മണ്ഡലത്തിൽ ചലനങ്ങളുണ്ടാക്കിയതു് ഫ്രഞ്ച് വിപ്ലവമാണെന്ന കാര്യത്തിൽ സംശയമില്ല.

ചരിത്രത്തിലെ സംഭവപരമ്പരകൾ വിപ്ലവമായി മാറുന്നതു് അവയിൽ ബഹുജനങ്ങൾ നേരിട്ട് നിർണായകമായ പങ്കു വഹിക്കുമ്പോഴാണല്ലോ. 1774–ൽ ലൂയി പതിനാറാമൻ രാജാവായി സ്ഥാനമേറെറടുത്ത കാലത്തു് യൂറോപ്പിലെ ഏററവും പ്രബലമായ രാജ്യമായിരുന്നു ഫ്രാൻസ്. അതേ സമയം പള്ളിയുടെയും പ്രഭുക്കളുടെയും ചൂഷണത്തിനു കീഴിൽ പാവപ്പെട്ട ഫ്രഞ്ച് കർഷകർ നരകിക്കുകയുമായിരുന്നു. രാജകുടുംബത്തിന്റെ ആഡംബരജീവിതവും അയൽരാജ്യങ്ങളുമായുള്ള യുദ്ധങ്ങളും വൈരനിര്യാതനബുദ്ധിയോടെ ബ്രിട്ടനെതിരെ അമേരിക്കയുടെ സ്വാതന്ത്ര്യസമരത്തിനു നൽകിയ സൈനികസഹായവും കനത്ത കടഭാരം ഫ്രഞ്ച് സർക്കാരിന്റെമേൽ കെട്ടിവെച്ചിരുന്നു. കടക്കെണികളിൽ നിന്നു പുറത്തു കടക്കാൻ രാജാവ് നികുതി വർദ്ധിപ്പിക്കുന്നതിനെ ജന്മിപ്രഭുക്കൾ (1789–ൽ ഫ്രാൻസിൽ ഇവരുടെ എണ്ണം രണ്ടര ലക്ഷത്തോളം ആയിരുന്നു. മൊത്തം ജനസംഖ്യ രണ്ടര കോടിയോളവും) എതിർത്തുപോന്നു. റൂസ്സോ, വാൾട്ടെയർ മുതലായ ബുദ്ധിജീവികളുടെ മൗലികചിന്തകൾ ജനാധിപത്യത്തിന്റേതായ ഒരു പുതിയ ആശയസംഹിത ഇതിനകം സൃഷ്ടിച്ചുമിരുന്നു.

ഭക്ഷണമാവശ്യപ്പെട്ടു ജനങ്ങൾ നടത്തുന്ന ലഹളകൾ സാർവത്രികങ്ങളായപ്പോൾ, 1789 മെയ് 4–ാം തീയതി, 'സ്റ്റേററ്സ് ജനറൽ' എന്ന വളരെക്കാലമായി യോഗംചേരാറില്ലാത്ത പ്രതിനിധിസഭയുടെ സമ്മേളനം ലൂയി പതിനാറാമൻ രാജാവു വിളിച്ചുകൂട്ടി. പണക്കാരുടെ പ്രാതിനിധ്യം വഹിക്കുന്ന 'സ്റ്റേററ്സ് ജനറൽ' നികുതി വർദ്ധിപ്പിക്കാൻ സമ്മതിക്കാതിരുന്നപ്പോൾ രാജാവ് അതു പിരിച്ചുവിട്ടതായി പ്രഖ്യാപിച്ചു. പക്ഷേ, പിരിഞ്ഞുപോകാൻ സ്റ്റേററ്സ് ജനറൽ സമ്മതിച്ചില്ല. അവർ ഒരു ടെന്നീസ് കോർട്ടിൽ യോഗം ചേർന്ന് ഫ്രാൻസിനു് ഒരു ഭരണഘടനയുണ്ടാകുംവരെ പിരിഞ്ഞുപോകയില്ലെന്നു പ്രതിജ്ഞയെടുത്തു. അവരെ മർദിച്ചൊതുക്കാൻ രാജാവു പട്ടാളത്തെ നിയോഗിച്ചു. പക്ഷേ, പട്ടാളം രാജാവിന്റെ കല്പനയെ ധിക്കരിക്കുകയാണുണ്ടായതു്. ഇതോടെ 'സ്റ്റേററ്സ് ജനറൽ' ഫ്രാൻസിന്റെ ദേശീയ അസംബ്ലിയായിത്തീർന്നു. ഈ അസംബ്ലിക്കെതിരെ വിദേശത്തുനിന്നു കൂലിപ്പട്ടാളക്കാരെ വരുത്താൻ രാജാവു ശ്രമിക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ, ക്ഷുഭിതരായ ജനക്കൂട്ടം 1789 ജൂലൈ 14–ാം തീയതി ബസ്റ്റീൽ ജയിൽ ആക്രമിച്ചു. അങ്ങനെ ഫ്രഞ്ച്‌വിപ്ലവം ആരംഭിച്ചു. ഇതിനെത്തുടർന്ന് 'സ്റ്റേററ്സ് ജനറൽ' ദേശീയ പാർലമെന്റായി സ്വയം പ്രഖ്യാപിച്ചു. രാജാവു ഭരണഘടനാവിധേയനായ ഭരണാധികാരിയായി അംഗീകരിക്കപ്പെട്ടു. ബസ്റ്റീൽ പിടിച്ചടക്കിയിട്ട് ഇരുപതു ദിവസം കഴിഞ്ഞു് 1789 ആഗസ്റ്റ് 4–ാം തീയതി ദേശീയ പാർലമെന്റ് അതിലെ അംഗങ്ങൾ ഉൾപ്പെടെയുള്ള ഫ്യൂഡൽപ്രഭുക്കളുടെ അവകാശങ്ങളും അധികാരങ്ങളും റദ്ദാക്കി. അങ്ങനെ കർഷകന്റെ അടിയായ്മ ഫ്രാൻസിൽ നിയമത്തിലെങ്കിലും ഇല്ലാതായി. അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽനിന്നു പ്രചോദനമുൾക്കൊണ്ടു പതിനേഴു വകുപ്പുകളുള്ള ഒരു 'മനുഷ്യാവകാശ പ്രഖ്യാപന'വും ദേശീയ പാർലമെന്റ് അംഗീകരിച്ചു. 'മനുഷ്യർ സ്വതന്ത്രരായി ജനിക്കുന്നു, തുല്യങ്ങളായ അവകാശങ്ങൾക്ക് അവർ അർഹരാണ്. ജീവിച്ചിരിക്കുന്ന കാലമത്രയും അവർ അങ്ങനെ ആയിരിക്കുകയുംചെയ്യും' എന്ന പ്രഖ്യാപനത്തോടെയാണ് ഈ രേഖ ആരംഭിക്കുന്നതു്. പിന്നീടുള്ള ഒരു നൂററാണ്ടുകാലത്തേക്ക് യൂറോപ്പിലെ ഉദാരജനാധിപത്യത്തിന്റെ മാർഗരേഖയായിരുന്ന ഈ പ്രഖ്യാപനത്തിൽ ഒപ്പുവെക്കാൻ രാജാവ് സ്വാഭാവികമായും കൂട്ടാക്കിയില്ല.

ഈ കാലത്തു രാജാവും പത്നിയും പാരീസിൽനിന്ന് അകലെ വെർസെയ് പട്ടണത്തിലായിരുന്നു താമസം. രാജാവു മനുഷ്യാവകാശപ്രഖ്യാപനത്തിനു് അനുമതി നിഷേധിച്ചതറിഞ്ഞു ക്ഷോഭിച്ച പാരീസിലെ ഒരു ജനക്കൂട്ടം ഒരു സ്ത്രീയുടെ നേതൃത്വത്തിൽ വെർസെയിലെത്തി രാജാവിനെ ബലാൽക്കാരമായി പിടിച്ച് പാരീസിലേക്ക കൊണ്ടുവന്നു.

ദേശീയ പാർലമെൻറ് പള്ളിയുടെ ഭൂസ്വത്തുകൾ സർക്കാരിലേക്കെടുത്തു. നീതിന്യായവ്യവസ്ഥയും ഭരണക്രമവും പരിഷ്കരിച്ചു. മെട്രിക് അളവുതൂക്ക വ്യവസ്ഥ നടപ്പാക്കി. ഒരു പുതിയ കലണ്ടറുമുണ്ടാക്കി. പക്ഷേ, ഈ പാർലമെൻറിൽ ഇടത്തരക്കാർക്കല്ലാതെ സാധാരണജനങ്ങൾക്ക പങ്കാളിത്തമുണ്ടായിരുന്നില്ല. സാധാരണജനങ്ങൾ ഭക്ഷണത്തിനാവശ്യപ്പെട്ടപ്പോൾ അവരെ മർദിച്ചൊതുക്കാനാണ് മുമ്പ രാജാവെന്നപോലെ ഇപ്പോൾ ദേശീയ പാർലമെൻറും തുനിഞ്ഞതു്.

ഇതിനെത്തുടർന്ന് പാരീസ് കമ്യൂൺ (മുനിസിപ്പാലിററി) ഫ്രഞ്ച് വിപ്ലവത്തിൻെറ കേന്ദ്രമായി മാറി. പാരീസ് നഗരത്തിലെ സാധാരണജനങ്ങൾ അധികാരം കൈയിലെടുക്കകയാണെന്നു കണ്ട രാജാവും പത്നിയും വേഷം മാറി നാട്ട വിടാൻ ശ്രമിച്ചു. 1791 ജൂൺ 21-ാം തീയതി അതിർത്തിക്കടുത്തുവെച്ച കൃഷിക്കാർ അവരെ തിരിച്ചറിഞ്ഞു പിടികൂടി പാരീസിലെത്തിച്ചു. എന്നിട്ടും പിന്നെയും ഒരു വർഷത്തോളം ഫ്രാൻസിൽ രാജവാഴ്ച തുടർന്നു.

അപ്പോഴേക്ക രാജവാഴ്ചയെ സംരക്ഷിക്കാൻ അയൽരാജ്യങ്ങൾ ഫ്രാൻസിൻെറ കാര്യങ്ങളിൽ കൈയിട്ടുതുടങ്ങി. ആസ്ത്രിയയും റഷ്യയും ഫ്രാൻസിലേക്ക സൈന്യങ്ങളെ അയച്ചു. രാജാവ് ഈ വിദേശസൈന്യങ്ങളുടെ ഭാഗത്താണെന്നു സംശയിച്ച പാരീസ് കമ്യൂൺ 1792 ആഗസ്റ്റ് 10-ാം തീയതി കൊട്ടാരം ആക്രമിച്ചു. ജനങ്ങൾ പട്ടാളഭരണം പ്രഖ്യാപിച്ചിരിക്കയാണെന്നു സൂചിപ്പിക്കാൻ ഇക്കാലത്തു് പാരീസ് കമ്യൂൺ ചുവപ്പുകൊടി ഉയർത്തി. പിന്നീട്ട് തൊഴിലാളി പ്രസ്ഥാനത്തിൻെറ ചിഹ്നമായിത്തീർന്ന ചുവപ്പുകൊടി അന്നോളം പട്ടാളവാഴ്ചയുടെ ചിഹ്നമായിരുന്നു.

1792 സെപ്റ്റംബർ 21-ാം തീയതി സമ്മേളിച്ച ദേശീയ കൺവെൻഷൻ (അന്നേക്ക ദേശീയ അസംബ്ളി ഇല്ലാതായിരുന്നു) ഫ്രാൻസ് ഒരു ജനാധിപത്യ രാഷ്ട്രമാണെന്നു പ്രഖ്യാപിച്ചു. 1793 ജനവരി 21-ാം തീയതി ലൂയി പതിനാറാമൻ രാജാവിനു വധശിക്ഷ നൽകപ്പെട്ടു. രാജാവിൻെറ തല അറുത്ത ഗില്ലട്ടിൻ യന്ത്രത്തിൻെറ ചവിട്ടുപടിയിൽ നിന്നുകൊണ്ടു വിപ്ലവനേതാക്കളിൽ ഒരാളായ ഡാൻടൺ ജനങ്ങളോട്ട പറഞ്ഞു: 'യൂറോപ്പിലെ രാജാക്കന്മാർ നമ്മെ വെല്ലുവിളിക്കും; നാം അവർക്കനേരെ, ഇതാ, ഒരു രാജാവിൻെറ തല എറിഞ്ഞുകൊടുക്കന്നു.'

മദ്ധ്യയുഗത്തിലെ ഫ്യൂഡലിസം അവസാനിപ്പിച്ച് യൂറോപ്പിൽ ആധുനിക മുതലാളിത്ത-ജനാധിപത്യ-വ്യവസ്ഥിതിക്ക് അടിത്തറ പാകിയതാണു് ഫ്രഞ്ച് വിപ്ളവം നിർവഹിച്ച ഐതിഹാസികസേവനം. അതേ സമയം, ദാരുണവും നിഷ്പ്രയോജനവുമായ ജനസംഹാരത്തിനും ഈ വിപ്ളവം സാക്ഷ്യം വഹിക്കകയുണ്ടായി. വിപ്ളവത്തിൻെറ അവസാനഘട്ടത്തിൽ തങ്ങൾക്ക ചുററുമുണ്ടെന്നു സംശയിക്കപ്പെട്ട വിപ്ളവശത്രുക്കളെ തിരഞ്ഞുപിടിച്ചു നശിപ്പിക്കവാനായി നാഷണൽ കൺവെൻഷൻ വിപുലാധികാരങ്ങളോടെ സ്ഥാപിച്ച പബ്ലിക് വെൽഫെയർ കമ്മററിയും പബ്ളിക് സേഫ്ററി കമ്മററിയും നഗരമദ്ധ്യത്തിൽ ഒരു ഗില്ലട്ടിൻ യന്ത്രം (മരണവേദന കറയ്ക്കുന്നതിനുദ്ദേശിച്ച ഡോക്ടർ ഗില്ലട്ടിൻ എന്ന ഒരാൾ ഉണ്ടാക്കിയതാണ് ഈ യന്ത്രം) സ്ഥാപിക്കകയും ആയിരക്കണക്കിന് ആളുകളെ പരസ്യമായി കഴുത്തറുത്തു കൊല്ലുകയുംചെയ്തു. ഇവരിൽ പലരും തികച്ചും നിരപരാധികളായിരുന്നു എന്നു പറയേണ്ടതില്ല. ഒടുവിലൊടുവിൽ ഡാൻടൺ, റോബേപിയർ മുതലായ വിപ്ലവനേതാക്കളുടെ രക്തവും ഗില്ലട്ടിൻ ആസ്വദിച്ചു. വിപ്ളവം അതിൻെറ സന്താനങ്ങളെ വിഴുങ്ങി. പ്രതിവിപ്ലവം

ഫ്രാൻസിനെ കീഴടക്കി. നെപ്പോളിയൻെറ സൈനിക—ഏകാധിപത്യത്തിനു വഴിയൊരുങ്ങുകയുംചെയ്തു.

ഫ്രാൻസിൽ നടന്നുകൊണ്ടിരിക്കെ ഫ്രഞ്ച് വിപ്ലവം ഇന്ത്യയിലുണ്ടാക്കിയ ഒരു പ്രതികരണം വിവരിച്ച് ഈ ലേഖനം അവസാനിപ്പിക്കാം. റിപ്പോ (Ripaud) എന്നു പേരായ ഒരു ഫ്രഞ്ച് യുവാവ് 1791—ൽ ശ്രീരംഗപട്ടണത്തു ചെന്ന് ടിപ്പുസുൽത്താനെ കണ്ടു. ഒരു സ്വകാര്യഭടൻ (പ്രൈവറ്റിയർ) ആയിരുന്ന റിപ്പോ, താൻ മനസ്സിലാക്കിയ നിലയിൽ ഫ്രഞ്ച് വിപ്ലവത്തിൻെറ സന്ദേശം ടിപ്പുവിനു നൽകി. ഉദ്യോഗസ്ഥമേധാവിത്തത്തിനും ജന്മിമാർക്കുമെതിരെ വിപ്ലവം ആരംഭിക്കാൻ കാലമായി എന്നായിരുന്നു ഈ സന്ദേശം. 'ക്ലബ് ജാക്കോബിൻ' എന്ന പേരിൽ ഒരു സംഘടന ശ്രീരംഗപട്ടണത്ത് ഇയാൾ സ്ഥാപിച്ചു. അവിടെയുള്ള ഫ്രഞ്ച് പട്ടാളക്കാരും പൗരന്മാരും ഫ്രഞ്ച് പതാകയെ വന്ദിക്കണമെന്ന് ആവശ്യപ്പെടുകയുംചെയ്തു. താൻ ധരിച്ച രൂപത്തിൽ മനുഷ്യാവകാശപ്രഖ്യാപനം ഇയാൾ ഒരു യോഗത്തിൽ വായിച്ചു. റിപ്പോ അഭ്യർത്ഥിച്ചതനുസരിച്ച് ശ്രീരംഗപട്ടണത്ത് ടിപ്പു ഒരു 'സ്വാതന്ത്ര്യവൃക്ഷം' നട്ടു. 'സിററിസൺ ടിപ്പു' എന്നായിരുന്നു റിപ്പോ ടിപ്പുവിനെ അഭിവാദ്യംചെയ്തത്. (ഡെക്കാൻ ഹെറാൾഡ്, 9 ജൂൺ 1989)

17 ജൂലൈ, 1989

# 35. ചരിത്രം അവസാനിക്കുന്നു?

അമേരിക്കൻ ഗവൺമെൻറിൻെറ സ്റ്റേററ് ഡിപ്പാർട്ടുമെൻറിൽ നയരൂപീകരണത്തിനുള്ള വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറായ ഫ്രാൻസിസ് ഫുകയാമ ഷിക്കാഗോ സർവകലാശാലയിൽ പ്രസംഗമായി അവതരിപ്പിച്ചതും പിന്നീട് 'ദി നാഷണൽ ഇൻററസ്റ്റ്' എന്ന മാസികയിൽ പ്രസിദ്ധീകരിച്ചതുമായ 'ചരിത്രം അവസാനിക്കുന്നു?' (The End of History?) എന്ന പ്രബന്ധം അമേരിക്കയിലെ രാഷ്ട്രതന്ത്ര ചിന്തകർക്കിടയിൽ സാമാന്യത്തിലധികം താല്പര്യം ഉളവാക്കിയിട്ടുള്ളതായി കാണുന്നു.

പന്ത്രണ്ടു വർഷംകൊണ്ടു കൃഷിയും വ്യവസായവും നവീകരിച്ച് ഉല്പാദനം ഇരട്ടിയാക്കുക, ഭരണസംവിധാനത്തെ ജനാധിപത്യവല്ക്കരിക്കുക, പാശ്ചാത്യജനാധിപത്യരാഷ്ട്രങ്ങളിലെ പൗരന്മാർ അനുഭവിക്കുന്ന എല്ലാ അവകാശങ്ങളും നൽകി ജനതയെ സാംസ്കാരികമായി സമുദ്ധരിക്കുക എന്നീ ലക്ഷ്യങ്ങൾ അടങ്ങുന്ന 'പെരസ്ത്രോയ്ക'യുടെ പൂർണരൂപം 1988 മെയ് മാസത്തിൽ സോവിയററ് കമ്യൂണിസ്റ്റ്പാർട്ടിയുടെ സെൻട്രൽ കമ്മററി ആവിഷ്കരിക്കുകയുണ്ടായി. രണ്ടാം മഹായുദ്ധത്തിൻെറ അവസാനംമുതൽ ഒരു വശത്തു സോവിയററ് യൂണിയനും മറുവശത്ത് അമേരിക്കയുടെ നേതൃത്വത്തിലുള്ള പാശ്ചാത്യ ജനാധിപത്യ രാഷ്ട്രങ്ങൾക്കും ഇടയിൽ നിലവിലിരുന്ന ശീതയുദ്ധവും അതിൻെറ സുപ്രധാന ഘടകമായ ആയുധപ്പന്തയവും ഇതോടെ അവസാനിക്കുകയും കമ്യൂണിസ്റ്റ് ജനാധിപത്യചേരികൾ തമ്മിൽ ഫലപ്രദമായ സഹകരണത്തിനുള്ള പ്രതിബന്ധങ്ങൾ നീങ്ങുകയും ചെയ്തു എന്ന് ലോകത്തിലെങ്ങുമുള്ള രാഷ്ട്രതന്ത്രചിന്തകർ പൊതുവെ അംഗീകരിച്ചിട്ടുണ്ട്.

പെരസ്ത്രോയ്കയെ രാഷ്ട്രലക്ഷ്യമായി സോവിയററ് യൂണിയൻ പ്രഖ്യാപിച്ചതിൻെറ അർത്ഥം ഇത്രമാത്രമല്ലെന്നും പാശ്ചാത്യമായ ഉദാരജനാധിപത്യവും (ലിബറൽ ഡെമോക്രസി) ഉദാരധനശാസ്ത്രവും (ലിബറൽ ഇക്കണോമിക്സ്) അവയ്ക്കെതിരായ സിദ്ധാന്തങ്ങളുടെമേൽ അവസാനത്തേതായ വിജയംനേടിക്ക